പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനേഴാമത് റിപ്പോർട്ട്

[പത്തനംതിട്ട ജില്ലയിലെ മഹിളാമന്ദിരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് ]

(2021 ജനുവരി മാസം 18 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനേഴാമത് റിപ്പോർട്ട്

**[പത്തനംതിട്ട ജില്ലയിലെ മഹിളാമന്ദിരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്]**

(2021 ജനുവരി മാസം 18 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

362/2021.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

**അദ്ധ്യക്ഷ:**

ശ്രീമതി പി. അയിഷാ പോറ്റി

**അംഗങ്ങൾ :**

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്.

ശ്രീ. ഇ. കെ. വിജയൻ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 17-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയും ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിച്ചും പ്രസക്തമായ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ പ്രവർത്തിക്കുന്ന മഹിളാമന്ദിരം 27-1-2020-ൽ സമിതി സന്ദർശിച്ചു. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ചും അവിടത്തെ അന്തേവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ചും സമിതി വിശദമായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മഹിളാമന്ദിരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള ശിപാർശകൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി 11-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. അയിഷാപോറ്റി,
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 18.

# റിപ്പോർട്ട്

സ്ത്രീകളും ട്രാൻസ്ജെന്ററുകളും കുട്ടികളും ഭിന്നശേഷിക്കാരും നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന ഹർജികൾ പരിശോധിക്കുകയും അവ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണാൻ ശ്രമിക്കുകയുമെന്നത് സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. അതോടൊപ്പംതന്നെ ഈ വിഭാഗത്തിന്റെ ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയും ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിച്ചും പ്രസക്തമായ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് അവ നടപ്പിലാക്കുന്നതും സമിതിയുടെ പ്രധാന ചുമതലയാണ്. പ്രസ്തുത ഉദ്യമത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ പ്രവർത്തിക്കുന്ന മഹിളാമന്ദിരം 2020 ജനുവരി 27-ാം തീയതി സമിതി സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അവിടത്തെ അന്തേവാസികൾ എന്നിവരോട് സംവദിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു.

2. 1995-96 വർഷം മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുത്തി ജി.ഒ. (എം.എസ്.) 5/96 സാ.ക്ഷേ.വ. തീയതി 28-2-1996 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ മഹിളാമന്ദിരം ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകുകയും ആയതിൻ പ്രകാരം പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി വില്ലേജിൽ 5 സെന്റ് ഭൂമിയും കെട്ടിടവും വിദ്യാഭ്യാസ വകുപ്പിൽ നിന്ന് കൈമാറി കിട്ടിയതിൽ 6 വലിയ മുറികൾ, സന്ദർശക മുറി, അടുക്കള, നാല് ടോയ്ലെറ്റുകൾ, ലൈബ്രറി റൂം, റീഡിംഗ് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവ ഉൾപ്പെടുന്ന മഹിളാമന്ദിരം ആരംഭിക്കുകയും ചെയ്തു. 30-6-1996-ലെ ജി.ഒ. (ആർ.ടി.) നമ്പർ 112/96/സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന അബലാമന്ദിരങ്ങൾ 'മഹിളാമന്ദിരം' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കൂടാതെ 30-4-2007-ലെ ജി.ഒ.(പി) നമ്പർ 20/07/സാമൂഹ്യക്ഷേമം എന്ന സർക്കാർ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മഹിളാമന്ദിരങ്ങളെ സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡന നിയമപ്രകാരം ഷെൽട്ടർ ഹോമുകളാക്കി ഉത്തരവായി.

3. നിലവിൽ വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിൽ അനാഥരും അശരണരും ആലംബഹീനരും നിരാശ്രയരുമായി ഒറ്റപ്പെട്ടുപോയവർ, വിധവകൾ, പീഡനത്തിനിരയായവർ, ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്ന 18 വയസ്സ് മുതൽ 56 വയസ്സ് വരെയുള്ള സ്ത്രീകൾ എന്നിവരെയാണ് പാർപ്പിക്കുന്നത്. ഇത്തരം സ്ത്രീകൾക്ക് സംരക്ഷണവും വിദ്യാഭ്യാസവും

ആവശ്യമായ പരിചരണവും നൽകി അവരുടെ പുനരധിവാസം ഉറപ്പുവരുത്തുകയെന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി മേൽസ്ഥാപനത്തിന്റെ ചുമതല ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറ്റം ചെയ്യപ്പെടുകയുണ്ടായി. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും താമസക്കാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മഹിളാമന്ദിരങ്ങളിൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയും നിലവിൽ കോഴഞ്ചേരിയിലെ മഹിളാമന്ദിരത്തിന്റെ മാനേജ്മെന്റ് കമ്മിറ്റി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

4. പത്തനംതിട്ട മഹിളാമന്ദിരത്തിൽ (കോഴഞ്ചേരി) 7 മുതിർന്ന സ്ത്രീകളും 16-17 വയസ്സ് പ്രായമുള്ള 6 കുട്ടികളും 8 മാസം പ്രായമുള്ള ഒരു കുഞ്ഞും ഉൾപ്പെടെ നിലവിൽ 14 അന്തേവാസികൾ ഉണ്ടെന്നും 25 സ്ത്രീകളും 6 കുട്ടികളുമടക്കം 31 പേരെ താമസിപ്പിക്കുന്നതിനുള്ള അനുമതി ഉണ്ടെന്നും കോടതി ഉത്തരവ് മുഖേനയോ, ജനപ്രതിനിധികൾ, ജില്ലാ വനിതാ-ശിശുവികസന ഓഫീസർ, സാമൂഹ്യ പ്രവർത്തകർ, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ശിപാർശ പ്രകാരം ലഭ്യമാകുന്ന അപേക്ഷയുടെയോ അടിസ്ഥാനത്തിലാണ് അന്തേവാസികൾക്ക് പ്രവേശനം നൽകുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കുട്ടികളിൽ 5 പേർ പ്ലസ് ടു വിദ്യാർത്ഥിനികളും ഒരു കുട്ടി മാരാമൺ എം.എം.ടി.ടി.ഐ.-യിൽ വിദ്യാർത്ഥിനിയും മറ്റെയാൾ എൻ.എസ്.ഡി.സി. യുടെ ഹയർ ഡിപ്ലോമ അനിമേഷൻ കോഴ്സ് വിദ്യാർത്ഥിനിയുമാണെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു. മഹിളാമന്ദിരത്തിൽ ഉണ്ടായിരുന്ന നിരവധി പേരെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും അന്തേവാസികൾക്ക് തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി ആഴ്ചയിൽ 2 ദിവസം വീതം തയ്യൽ പരിശീലനം നൽകുന്നുവെന്നും പൂർവ്വ അന്തേവാസികളെ എല്ലാ വർഷവും വിളിച്ചുചേർത്ത് ഗെറ്റ് ടുഗതർ നടത്താറുണ്ടെന്നും ചർച്ചയിലൂടെ സമിതിക്ക് ബോദ്ധ്യപ്പെട്ടു.

5. സ്ഥാപനത്തിൽ എത്തിപ്പെടുന്നവർക്ക് താല്ക്കാലികമായി അഭയം നൽകുകയും അവരുടെ സാഹചര്യം മനസ്സിലാക്കി കൗൺസിലിംഗിന് വിധേയമാക്കി സ്വന്തം കുടുംബങ്ങളുമായി യോജിപ്പിച്ച് വിടാൻ ശ്രമിക്കുകയും അതിനു സാധിക്കാത്തപക്ഷം നിയമപരമായി സഹായം നൽകുന്നതായും ആയതിന് ലീഗൽ കൗൺസിലറുടെ സേവനം ലഭ്യമാക്കുന്നതായും സമിതി മനസ്സിലാക്കുന്നു. പഠനം പൂർത്തിയായവരെ സ്ഥാപനത്തിൽ നിന്നും പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി വിവാഹം നടത്തിവിടുന്നതായും ഇപ്രകാരം 2019-ൽ 2 അന്തേവാസികളെ വിവാഹം ചെയ്തയച്ചതായും, പെൺകുട്ടികൾക്ക് വിവാഹാവശ്യത്തിനായി സർക്കാർ നൽകുന്ന ഒരു ലക്ഷം രൂപ അവരുടെ പേരിൽ സ്ഥിരനിക്ഷേപത്തിലിടുകയും മാനേജ്മെന്റ് കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ വിവാഹാവശ്യത്തിനുള്ള പണവും സ്വർണ്ണവും കണ്ടെത്തുന്നതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് മനസ്സിലാക്കിയ സമിതി, ഇത്തരം നടപടികൾ വളരെ ശ്ലാഘനീയമാണെന്ന് അഭിപ്രായപ്പെട്ടു.

6. പ്രസ്തുത സ്ഥാപനത്തിൽ യോഗ പരിശീലനം നടക്കുന്നുണ്ടെന്നും ചെറുകോൽ പ്രൈമറി ഹെൽത്ത് സെന്റർ മാസംതോറും മെഡിക്കൽ ക്യാമ്പും ഗവൺമെന്റ് ഹോമിയോ കോളേജ് 'സീതാലയം പ്രോജക്റ്റി'ന്റെ ഭാഗമായി മാസത്തിലെ 3-ാമത്തെ വെള്ളിയാഴ്ച കൗൺസിലിംഗും മെഡിക്കൽ ക്യാമ്പും നടത്തി വരുന്നതായും അത്യാവശ്യ വൈദ്യസഹായം കോഴഞ്ചേരി ഗവൺമെന്റ് ആശുപത്രിയിൽ നിന്നും നൽകി വരുന്നതായും ബന്ധപ്പെട്ടവർ സമിതിയെ ബോദ്ധ്യപ്പെടുത്തി. സ്ഥാപനത്തിലെ മാനേജ്മെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നുണ്ടെന്നും മറ്റ് അടിയന്തര സാഹചര്യങ്ങളിൽ അടിയന്തര യോഗങ്ങൾ ചേരാറുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

7. പീഡനത്തിനും ചൂഷണത്തിനും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വൈദ്യസഹായം, നിയമസഹായം, പോലീസ് സഹായം, കൗൺസിലിംഗ് സൗകര്യം, താൽക്കാലിക താമസ സൗകര്യം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ നിന്നും ലഭിക്കുന്ന കേന്ദ്ര പദ്ധതിയായ 'സഖി വൺസ്റ്റോപ്പ് സെന്റർ' അവിടെ പ്രവർത്തിക്കുന്നു എന്നും പീഡനത്തിനും ചൂഷണത്തിനും ഇരയാകുന്നവരെ അഞ്ച് ദിവസം മഹിളാമന്ദിരത്തിൽ താമസിപ്പിക്കുകയും ദീർഘകാലയളവിൽ അവർക്ക് നൽകേണ്ട എല്ലാ സപ്പോർട്ടീവ് സിസ്റ്റവും നൽകുകയാണ് ഇതിന്റെ ലക്ഷ്യമെന്നും സമിതി മനസ്സിലാക്കുന്നു. ആശുപത്രി പരിസരത്ത് ഈ സെന്റർ തുടങ്ങുന്നതാണ് കൂടുതൽ ഫലപ്രദമെന്നും പത്തനംതിട്ട ജില്ലയിലെ ഒരാശുപത്രിയോടനുബന്ധിച്ചും ഇതിനുള്ള സ്ഥലസൗകര്യമില്ലാത്തതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ഇക്കാര്യത്തിലെ കാലതാമസം ഉദ്ദേശ്യത്തെ തടസ്സപ്പെടുത്താതിരിക്കുന്നതിനായി താൽക്കാലികമായി മഹിളാമന്ദിരത്തിലെ 2 മുറികൾ പ്രയോജനപ്പെടുത്തി 10-9-2019-ൽ പ്രസ്തുത സെന്ററിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി വഴി 53 പേർ ഇവിടെ എത്തിയിട്ടുണ്ടെന്നും ഇവരിൽ പോക്സോ ഇരകളായ 3 പേർക്ക് അഭയം നൽകിയിട്ടുണ്ടെന്നും അതിൽ ഗർഭിണികളായ രണ്ടുപേരുണ്ടെന്നും വിമൻ പ്രൊട്ടക്ഷൻ ഓഫീസർ സമിതിയെ അറിയിക്കുകയുണ്ടായി.

### ശിപാർശകൾ

8. മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനമാണ് നടത്തുന്നതെങ്കിലും പത്തനംതിട്ട മഹിളാമന്ദിരം പരിമിതികളുടെയും പരാധീനതകളുടെയും നടുവിലാണ് നിലനിൽക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. മഹിളാമന്ദിരത്തിലേക്ക് ഗതാഗതയോഗ്യമായ വഴിയില്ലെന്നും ശുദ്ധജലത്തിന്റെ ദൗർലഭ്യമുണ്ടെന്നും സമിതി മനസ്സിലാക്കി. മഹിളാമന്ദിരത്തിലേക്ക് പുറമ്പോക്ക് ഭൂമിയിലൂടെ മുമ്പുണ്ടായിരുന്ന റോഡ് അയൽവീട്ടുകാർ കയ്യേറിയതിനാൽ മഹിളാമന്ദിരം വരെ വാഹനസൗകര്യമില്ലെന്നും പ്രസ്തുത പുറമ്പോക്ക് ഭൂമി തിരികെ ലഭിച്ചാൽ വാഹനസൗകര്യം ഏർപ്പെടുത്താൻ സാധിക്കുമെന്നും ഇപ്രകാരമുള്ള കയ്യേറ്റം ഒഴിവാക്കുന്നതിനായി മഹിളാമന്ദിരം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ അതിരുകൾ അളന്ന് മതിൽ കെട്ടേണ്ടത് അത്യാവശ്യമാണെന്നും സമിതി

വിലയിരുത്തുകയുണ്ടായി. എന്നാൽ സ്ഥലപരിമിതി വളരെയധികം ഉള്ളതിനാൽ പത്തനംതിട്ട മഹിളാമന്ദിരം ഇപ്പോഴത്തെ സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് നിരീക്ഷിച്ച സമിതി, ആയതിന് വേണ്ടി അനുയോജ്യമായ സ്ഥലം കണ്ടെത്തണമെന്നും അങ്ങനെ കണ്ടെത്തുന്ന സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കണമെന്നും ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തണമെന്നും ശിപാർശ ചെയ്യുന്നു.

9. മഹിളാമന്ദിരത്തിലെത്തുന്നവരിൽ പലരും മാനസിക അസ്വസ്ഥതകൾ ഉള്ളവരാണ്. ഇവർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് അന്തേവാസികളോടൊപ്പം തന്നെയാണ് ഇവരെയും താമസിപ്പിക്കുന്നതെന്നും മാനസിക വിഭ്രാന്തിയിൽ പലപ്പോഴും ഇത്തരക്കാർ മറ്റ് അന്തേവാസികളെയും ജീവനക്കാരെയും ദേഹോപദ്രവം ഏല്പിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം മാനസിക അസ്വാസ്ഥ്യമുള്ളവർക്ക് പ്രത്യേക ശ്രദ്ധ ആവശ്യമുള്ളതിനാൽ ഇവർക്കായി ഒരു ഒബ്സർവേഷൻ റൂം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ മഹിളാമന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ പ്രത്യേക ഒബ്സർവേഷൻ റൂം കൂടി നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. വനിതാ-ശിശുവികസന വകുപ്പിന്റെ കീഴിലുള്ള വൺസ്റ്റോപ്പ് സെന്ററിലും മഹിളാമന്ദിരത്തിലും എത്തുന്ന വനിതകളുടെയും കുട്ടികളുടെയും പ്രാഥമിക പരിശോധനകൾക്കും മറ്റ് ചെലവുകൾക്കും ആവശ്യമായി വരുന്ന തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ഒരു സൂപ്രണ്ടും ഒരു ഓഫീസ് അറ്റൻഡന്റും ഒരു വാർഡനും രണ്ട് പ്രൊവൈഡർമാരും ഉൾപ്പെടെ 5 ജീവനക്കാരാണ് അവിടെയുള്ളതെന്നും രാത്രി ഡ്യൂട്ടിക്ക് ഒരു പ്രൊവൈഡർ മാത്രമേയുള്ളുവെന്നും പ്രത്യേക പരിശീലനം ലഭിച്ച സെക്യൂരിറ്റി ഓഫീസറുടെ സേവനം അത്യാവശ്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത മഹിളാമന്ദിരത്തിൽ പ്രത്യേക പരിശീലനം ലഭിച്ച ഒരു സെക്യൂരിറ്റി ഓഫീസറെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. മഹിളാമന്ദിരത്തിലെ അന്തേവാസികൾക്കുള്ള തൊഴിൽ പരിശീലനം കാര്യക്ഷമമായി നടപ്പാക്കുന്നില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. വിവിധ തൊഴിലുകൾ പരിശീലിപ്പിച്ചാൽ സ്വന്തമായി വരുമാനമുണ്ടാക്കി ജീവിക്കാൻ അന്തേവാസികൾ പ്രാപ്തരാകുമെന്നും അങ്ങനെ ലഭിക്കുന്ന തുക അവരുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാൽ അവരിൽ ഭാവിജീവിത പ്രതീക്ഷകൾ വളരുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, പേപ്പർബാഗ് നിർമ്മാണം, ഗാർമെന്റ്സ് മേക്കിംഗ് എന്നിവ ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് നൽകിയിട്ടുള്ള പ്രൊപ്പോസലിൽ അടിയന്തരമായി അനുകൂല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. മാനസിക രോഗികളായ സ്ത്രീകളെ പുനരധിവസിപ്പിക്കുവാൻ പത്തനംതിട്ട ജില്ലയിൽ പ്രത്യേക സ്ഥാപനമില്ലെന്നതും മഹിളാമന്ദിരത്തിലെത്തിക്കുന്ന ഇത്തരം സ്ത്രീകളെ മറ്റു ജില്ലകളിലുള്ള മാനസികരോഗാശുപത്രികളിലെത്തിക്കുന്നതിനായി ആശുപത്രിയിൽ നിന്ന് ആംബുലൻസ് ലഭിക്കുമെങ്കിലും പലപ്പോഴും പോലീസ് സഹായം ലഭ്യമാകാറില്ലെന്നുമുള്ള പരാതി സന്ദർശനവേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. മഹിളാമന്ദിരത്തിന്റെ പ്രവർത്തനത്തിൽ പോലീസിന്റെ സഹായം കുറവാണെന്ന് നിരീക്ഷിച്ച സമിതി, സ്ഥലം എം.എൽ.എ.-യും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും ചേർന്ന ഒരു സമിതി രൂപീകരിക്കണമെന്നും പ്രസ്തുത സമിതി മൂന്നുമാസത്തിലൊരിക്കൽ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

14. പത്തനംതിട്ട ജില്ലയിൽ ബോയ്സ് ഹോമുണ്ടെങ്കിലും ഗേൾസ് ഹോം ഇല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പത്തനംതിട്ട ജില്ലയിൽ നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇതിനായി കെട്ടിടം അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. സ്ത്രീകളും കൗമാരക്കാരായ പെൺകുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണെന്നും അതിന്റെ ഫലമായി നിരവധി സ്ത്രീകൾ മാനസികരോഗികളായി മാറുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, എല്ലാ ജില്ലകളിലും ഫാമിലി കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി. അയിഷാപോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 18.